# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 566 — 30.06.16 -ൽ മറുപടിക്ക്

### ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തന സജ്ജമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ. മാത്യു ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കല്ലട ജലസേചന പദ്ധതിയിൻ കീഴിൽ ചിറക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിതമായിട്ടുള്ള ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തന സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തന ക്ഷമമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ 23 കി.മീ. വരെയുള്ള കനാലിന്റെയും ലിഫ്റ്റിന്റെയും അറ്റകുറ്റപ്പണികൾ, പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ 23 കി മീ മുതൽ 32.33 കി.മീ വരെയുള്ള കനാലിന്റെ അറ്റകുറ്റപ്പണികൾ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തികൾക്ക് വേണ്ടിയുള്ള ഒരു പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ലിഫ്റ്റിന്റെ പ്രവർത്തനക്ഷമതയെ സംബന്ധിച്ച് ഒരു പഠനവും നടത്തേണ്ടതുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രവർത്തനസജ്ജമാക്കുന്നതിനായി ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് എന്തൊക്കെയാണെന്ന് അറിയിക്കുമോ ; | |
| (സി) പരവൂർ നഗരസഭ, പൂതക്കുളം ഗ്രാമപഞ്ചായത്ത്, ചിറക്കര ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങളിൽ കനാൽ നിർമ്മാണം പൂർത്തീകരിക്കുവാൻ എത്ര രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) ഉണ്ട്. പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെ. 0 മുതൽ 23000 മീറ്റർ വരെയുള്ള കനാലിന്റെയും ലിഫ്റ്റിന്റെയും അറ്റകുറ്റപ്പണി, 23000 മുതൽ 32330 മീറ്റർ വരെയുള്ള കനാലിന്റെ അറ്റകുറ്റപ്പണി, പണിതീരാനുള്ള കോട്ടപ്പുറം മൈനർ ഡിസ്ട്രിബ്യൂട്ടറി എന്നിവ ഉൾപ്പെടുത്തി 10 കോടി രൂപയുടെ ഒരു പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.<br>ടി പദ്ധതി PMKSY-ൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഈ പ്രവൃത്തിയെ പുതിയ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. |

സെക്ഷൻഓഫീസർ